# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>ജനമൈത്രി പോലീസ്</u>

5054 ശ്രീ. എം.വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. പി.സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പോലീസ് സംവിധാനം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ജനമൈത്രി പോലീസ് സംവിധാനം എത്രമാത്രം കാര്യക്ഷമമാണെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഏതൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>സിവിൽ കേസ്സുകളിൽ പോലീസിന്റെ ഇടപെടൽ</u>

5055 ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എം. ഹംസ
,, ബാബു എം. പാലിശ്ശേരി
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ കേസുകളിൽ പോലീസ് നിയമവിരുദ്ധമായി ഇടപെടുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പദവി ദുരുപയോഗം ചെയ്തുവരുന്ന പോലീസ് ഉദ്യോഗസ്ഥന്മാരുടെ മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സിവിൽ തർക്കങ്ങളിൽ പോലീസ് ഇടപെടരുതെന്ന് കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് ഉത്തരവ് പുറപ്പെടുവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വസ്തു തർക്കം, കരാർ തർക്കം തുടങ്ങിയ സിവിൽ തർക്കങ്ങളിൽ, സിവിൽ കോടതികളുടെ നിർദ്ദേശങ്ങളൊന്നും ഇല്ലാതെ പോലീസിന് നേരിട്ട് ഇടപെടാൻ അധികാരമുണ്ടോ; ഇതു സംബന്ധിച്ച നിയമവ്യവസ്ഥകൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

ആശുപത്രികളിൽ 24 മണിക്കൂർ പോസ്റ്റ്മോർട്ടം

5056 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ 24 മണിക്കൂർ പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള ഉത്തരവിറങ്ങി ഒരു വർഷമായിട്ടും ആയത് നടപ്പിൽ വരാത്തതിന്റെ കാരണം എന്താണ് എന്ന് വ്യക്തമാക്കുമോ;

(ബി) മെഡിക്കൽ കോളേജുകളിൽ പോലും പോസ്റ്റുമോർട്ടത്തിന്റെ സമയം ദീർഘിപ്പിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും രാത്രികാല പോസ്റ്റ്മോർട്ടം നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>സിസ്റ്റമാറ്റിക് ഹെൽത്ത് അസസ്മെന്റ് ഫോർ പോലീസ് പേഴ്സണൽ</u>

5057 ശ്രീ. സി.പി. മുഹമ്മദ്
,, വി.പി. സജീന്ദ്രൻ
,, എ.റ്റി. ജോർജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയിൽ സിസ്റ്റമാറ്റിക് ഹെൽത്ത് അസസ്മെന്റ് ഫോർ പോലീസ് പേഴ്സണൽ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പോലീസ് സേനയുടെ ആരോഗ്യ സംരക്ഷണത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം വകുപ്പുകളും ഏജൻസികളുമാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>സിംലെസ് മെഡിക്കൽ ഇന്റർവെൻഷൻ ഫോർ ലൈഫ് കെയർ ആന്റ് എമർജൻസി പദ്ധതി</u>

5058 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്
,, എം. എ. വാഹീദ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സേനയിൽ സിംലെസ് മെഡിക്കൽ ഇന്റർവെൻഷൻ ഫോർ ലൈഫ്കെയർ ആന്റ് എമർജൻസി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) റോഡ് അപകടമരണങ്ങൾ കുറയ്ക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം വകുപ്പുകളും ഏജൻസികളുമാണ് പദ്ധതി നടത്തിപ്പിനായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**30.06.2014-ലെ മറുപടിക്ക്**

<u>കാണാതായ ആൺകുട്ടികൾ</u>

5059 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷത്തിനിടെ സംസ്ഥാനത്തുനിന്നും കാണാതായ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ജില്ലാതല വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം കാണാതായവരിൽ നിന്നും എത്ര പേരെ കണ്ടെത്താനായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നാളിതുവരെയായിട്ടും യാതൊരു വിവരവും ലഭിക്കാത്തവർ എത്രയെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>കമ്പ്യൂട്ടർ അധിഷ്ഠിത ഡിജിറ്റൈസ്ഡ് സംവിധാനം</u>

5060 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി. റ്റി. ബൽറാം
,, വി. പി. സജീന്ദ്രൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർ അധിഷ്ഠിത ഡിജിറ്റൈസ്ഡ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കുറ്റകൃത്യങ്ങൾ തടയുന്നതിന് പ്രസ്തുത സംവിധാനം എത്രമാത്രം പ്രയോജനകരമാകും എന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(ഡി) എത്ര പോലീസ് സ്റ്റേഷനുകളിൽ പ്രസ്തുത സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ട്;

(ഇ) എല്ലാ പോലീസ് സ്റ്റേഷനുകളിലും പ്രസ്തുത സംവിധാനം നടപ്പിലാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>ഇലക്ട്രോണിക് ബീറ്റ് സിസ്റ്റം</u>

5061 ശ്രീ. ജോസഫ് വാഴക്കൻ
'' എം. എ. വാഹീദ്
'' ഹൈബി ഈഡൻ
'' ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വുകപ്പിന് കീഴിൽ ഇലക്ട്രോണിക് ബീറ്റ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇലക്ട്രോണിക് ബീറ്റ് സിസ്റ്റം വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കുറ്റകൃത്യങ്ങൾ തടയുന്നതിന് പ്രസ്തുത സംവിധാനം എത്ര മാത്രം പ്രയോജനകരമാകും എന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ജില്ലകളിലാണ് ഇത് പ്രവർത്തിച്ച് വരുന്നത്; ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) എല്ലാ ജില്ലകളിലും സിസ്റ്റം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 30.06.2014–ലെ മറുപടിക്ക്

## സിറ്റിസൺസ് ഹെൽപ്പ് ഡെസ്ക്

5062 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്കു ലഭിക്കേണ്ട പോലീസ് സേവനങ്ങൾ ഏകജാലകമാക്കുന്ന സിറ്റിസൺ ഹെൽപ്പ് ഡെസ്ക് പദ്ധതിയുടെ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതിക്കായി സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ ഇതുവരെ സ്ഥാപിച്ചിട്ടുള്ള ഉപകരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതിക്കായി ഇതുവരെ ചെലവാക്കിയിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതിയുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ ;

(ഇ) പദ്ധതി പ്രവർത്തനസജ്ജമായി പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിന് എന്ന് സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>മാവോയിസ്റ്റുകളെ കണ്ടെത്തുന്നതിനുള്ള പ്രത്യേക സേന</u>

5063 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനമേഖലയിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ട് എത്ര കാലമായി എന്ന് വ്യക്തമാക്കുമോ;

(ബി) മാവോയിസ്റ്റുകളെ കണ്ടെത്തുന്നതിന് പ്രത്യേക സേന രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സേനയിൽ എത്ര പേരുണ്ട്; പ്രസ്തുത സേന എത്ര തവണ പ്രസ്തുത മേഖലകളിൽ പരിശോധന നടത്തിയിട്ടുണ്ട്; ആരെയെങ്കിലും അറസ്റ്റു ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 30.06.2014–ലെ മറുപടിക്ക്

വര്‍ദ്ധിച്ചുവരുന്ന വര്‍ഗ്ഗീയാസ്വാസ്ഥ്യങ്ങള്‍

5064 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍
,, കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)
ഡോ. കെ. ടി. ജലീല്‍
ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വര്‍ഗ്ഗീയാസ്വാസ്ഥ്യങ്ങള്‍ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളില്‍ വര്‍ദ്ധിച്ചുവരുന്നതായ ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) വര്‍ഗ്ഗീയ വിദ്വേഷങ്ങള്‍ ഉളവാക്കിയതിന്റെ പേരില്‍ എത്ര കേസുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട്; വര്‍ഗ്ഗീയ പ്രശ്ന ബാധിത പ്രദേശങ്ങള്‍ ഏതൊക്കെയാണ്;

(സി) വര്‍ഗ്ഗീയ സംഘടനകള്‍ക്ക് നിര്‍ബാധം പ്രവര്‍ത്തിക്കാമെന്നതായ അവസ്ഥ ഇതിന് കാരണമായിട്ടുണ്ടെന്നുള്ള കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇത്തരം സംഘടനകളുടെ പ്രവര്‍ത്തനങ്ങള്‍ നിരീക്ഷിക്കുന്നതിനും ഇവരുടെ വെല്ലുവിളികള്‍ തടയുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) മതനിരപേക്ഷ നിലപാട് ഉയര്‍ത്തിപ്പിടിച്ചുകൊണ്ട് വര്‍ഗ്ഗീയത തടയാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>ഷാഡോ പോലീസ് സംവിധാനം</u>

5065 ശ്രീ.വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഷാഡോ പോലീസ് സംവിധാനം എന്നു മുതലാണ് നിലവിൽ വന്നത്;

(ബി) പ്രസ്തുത വിഭാഗത്തിന്റെ ഉത്തരവാദിത്തങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഒരു ജില്ലയിലെ ഷാഡോ പോലീസ് അംഗസംഖ്യ എത്രയാണ്; ആരുടെ കീഴിലാണ് പ്രവർത്തിക്കുന്നത്;

(ഡി) വാഹനങ്ങൾ തടഞ്ഞ് പരിശോധിക്കാൻ ഷാഡോ പോലീസിനെ അധികാരപ്പെടുത്തിയിട്ടുണ്ടോ?

## കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>പോലീസിന്റെ മനുഷ്യാവകാശ സംരക്ഷണ പദ്ധതികൾ</u>

5066 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ മനുഷ്യാവകാശ സംരക്ഷണപദ്ധതികൾ എന്തെല്ലാമാണ്; ഇത് ഫലപ്രദമായി ജനങ്ങൾക്ക് ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) പദ്ധതികൾ ഓരോന്നിനും ആരാണ് മേൽനോട്ടം വഹിക്കുന്നത്;

(സി) പദ്ധതികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ലെന്ന എത്ര പരാതികകളാണ് ലഭിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>പോലീസ് അതിക്രമത്തിനെതിരെ മനുഷ്യാവകാശ കമ്മീഷന് ലഭ്യമായ പരാതികൾ</u>

5067 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പോലീസ് അതിക്രമത്തിനെതിരെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര പരാതികളിൽ കേസെടുക്കാൻ കമ്മീഷൻ ഉത്തരവിട്ടു; വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്ത എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

**<u>പോലീസ് സ്റ്റേഷന്റെ ദൈനംദിന പ്രവര്‍ത്തനങ്ങള്‍ നിരീക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം</u>**

5068 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പോലീസ് സ്റ്റേഷന്റെ ദൈനംദിന പ്രവര്‍ത്തനങ്ങള്‍ നിരീക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം ഉണ്ടാകുമോ; എങ്കില്‍ വിശദാംശം ലഭ്യമാക്കുമോ;

(ബി) പോലീസ് സ്റ്റേഷന്‍ നവീകരിച്ച് കൊണ്ടും ലോക്കല്‍ പോലീസിന് ആറുമാസത്തില്‍ ഒരിക്കലെങ്കിലും പ്രത്യേക ട്രെയിനിംഗും പോലീസ് സ്റ്റേഷനുകളോടനുബന്ധിച്ച് ക്വാര്‍ട്ടേഴ്സുകളും ലഭ്യമാക്കിക്കൊണ്ടും കേരള പോലീസിനെ നവീകരിക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവർക്കെതിരെയുള്ള അഴിമതി ആരോപണം</u>

5069 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ മുഖ്യമന്ത്രിക്കെതിരായോ മുഖ്യമന്ത്രിയുടെ ഓഫീസിനെതിരായോ അഴിമതി ആരോപണങ്ങളും മറ്റ് ആരോപണങ്ങളും ഉയർന്നുവന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആരോപണ വിധേയരായവർ ആരെങ്കിലും കുറ്റക്കാരല്ലെന്ന് തെളിയിച്ചിട്ടുണ്ടോ;

(സി) മന്ത്രിസഭയിലെ ഏതെല്ലാം മന്ത്രിമാർക്ക് എതിരെ അഴിമതി ആരോപണങ്ങൾ ഉയർന്ന് വന്നിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ ധനമന്ത്രിയ്ക്കെതിരെ അഴിമതി ആരോപണം ഉയർന്ന് വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് ടെലിവിഷൻ ചാനലുകളിൽ വന്ന ദൃശ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) മന്ത്രിമാർക്കെതിരെ അഴിമതി ആരോപണങ്ങൾ വന്നാൽ സത്യസന്ധത തെളിയിക്കാൻ സ്വീകരിക്കാവുന്ന മാർഗ്ഗങ്ങൾ എന്തൊക്കെ; വിശദമാക്കാമോ;

(എഫ്) അഴിമതി ആരോപണങ്ങളും മറ്റ് തരത്തിലുള്ള ആരോപണങ്ങളും സംബന്ധിച്ച് ഈ സർക്കാർ സ്വീകരിച്ച നിലപാട് വിശദമാക്കാമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>ഫേസ്ബുക്ക് പോസ്റ്റുകൾ സംബന്ധിച്ച കേസുകൾ</u>

5070 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയെയും മന്ത്രിമാരെയും സർക്കാർ നിലപാടുകളെയും കുറിച്ച് ഫേയ്സ് ബുക്കിൽ അഭിപ്രായം രേഖപ്പെടുത്തിയതിന്റെ പേരിൽ സംസ്ഥാനത്ത് ഇതിനകം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര സർക്കാർ ജീവനക്കാരുടെ പേരിൽ കേസ്സെടുക്കുകയുണ്ടായി; എത്ര ജീവനക്കാരെ സസ്പെന്റ് ചെയ്യുകയുണ്ടായി; സസ്പെന്റ് ചെയ്യപ്പെട്ട ജീവനക്കാർ ആരൊക്കെയാണ് ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്വർക്ക് സിസ്റ്റം

5071 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്വർക്ക് സിസ്റ്റത്തിന്റെ ഭാഗമായി കുറ്റകൃത്യങ്ങളുടെ വിശദാംശങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നത് ആരംഭിച്ചത് എന്നാണ്;

(ബി) പ്രസ്തുത പ്രോജക്ടിന്റെ നടത്തിപ്പ് കരാർ എത് സ്ഥാപനത്തിനാണ് നൽകിയിരിക്കുന്നത്; കരാർ പ്രകാരം പ്രോജക്ട് എന്നാണ് പൂർത്തിയാക്കേണ്ടിയിരുന്നത്; വ്യക്തമാക്കാമോ;

(സി) കരാർ കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തിയായിട്ടുണ്ടോ; ഏറ്റെടുത്ത കമ്പനി പ്രോജക്ടിൽ നിന്നും പിൻമാറിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) നിലവിൽ പ്രസ്തുത പ്രോജക്ട് മുടങ്ങിയ സ്ഥിതിയിലാണോ; ഉദ്യോഗസ്ഥർ തന്നെ ഇത് അട്ടിമറിക്കുന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ മാവോയിസ്റ്റ് ബന്ധം</u>

5072 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ;

(ബി) ഇവർ മാവോയിസ്റ്റ് – തീവ്രവാദ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനെതിരെ ആവശ്യമായ കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതുസംബന്ധിച്ച് ജില്ലാതലത്തിൽ അന്വേഷണസംഘങ്ങളെ നിയമിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ അതിക്രമങ്ങൾ</u>

5073 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കുന്നമംഗലം പോലീസ് സ്റ്റേഷൻ പരിധിയിൽ കാരന്തൂർ അന്യസംസ്ഥാന തൊഴിലാളികൾ ഒരു കെട്ടിടത്തിന്റെ ഭാഗങ്ങൾ തകർത്തതായി 28.05.2014-ന് ബീരാൻ ഹാജി നൽകിയ പരാതി അനുസരിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഓരോ സ്ഥലത്തും താമസിക്കുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ പേര് വിവരം പോലീസ് സൂക്ഷിക്കാറുണ്ടോ ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>സി. സി. ടി. എന്‍. എസ്. സംവിധാനം</u>

5074 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കുറ്റവാളികളുടെയും കുറ്റകൃത്യങ്ങളുടെയും വിവരങ്ങള്‍ ലഭ്യമാക്കാനുള്ള ഏകീകൃത സംവിധാനം എന്ന നിലയില്‍ കേരള പോലീസ് വികസിപ്പിച്ചെടുത്ത സി. സി. ടി. എന്‍. എസ്. സംവിധാനം ഇപ്പോള്‍ ഏതു ഘട്ടത്തിലാണ്;

(ബി) ഏതെല്ലാം ജില്ലകളിലാണിത് നടപ്പാക്കിയിട്ടുള്ളത്;

(സി) പ്രസ്തുത സംവിധാനം വഴി ലഭ്യമാകുന്ന സേവനങ്ങള്‍ എന്തെല്ലാമാണ്; വിശദാംശം നല്‍കുമോ;

(ഡി) പദ്ധതി കാര്യക്ഷമമായി നടപ്പാക്കാന്‍ സത്വര നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ പുതിയ പോലീസ് സ്റ്റേഷനുകൾ</u>

5075 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ കാസർഗോഡ് ജില്ലയിലെ ഏതൊക്കെ സ്ഥലങ്ങളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>കൊച്ചിയിലെ സൈബർ ക്രൈം സെന്റർ</u>

5076 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന കൊച്ചിയിലെ സൈബർ ക്രൈം സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി എത്ര തുക ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു; ഇതിൽ എത്ര തുക ഇതുവരെ ചെലവഴിച്ചു ; പ്രസ്തുത തുക ഉപയോഗിച്ച് നടത്തിയ പ്രവൃത്തികൾ എന്തെല്ലാം ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>കോട്ടയം, റീജീയണല്‍ ഫോറന്‍സിക് ലബോറട്ടറി</u>

5077 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2013-14-ലെ ബഡ്ജറ്റില്‍ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന കോട്ടയത്തെ റീജയണല്‍ ഫോറന്‍സിക് ലബോറട്ടറി പ്രവര്‍ത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി ബഡ്ജറ്റില്‍ എത്ര തുക വകയിരുത്തിയിരുന്നു ; ഇതില്‍ എത്ര തുക ഇതുവരെ വിനിയോഗിച്ചു ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

മുനിസിപ്പൽ കോർപ്പറേഷനുകളിലെ ക്രമസമാധാനപാലന പ്രവർത്തനങ്ങളുടെ ഏകോപനം

5078 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും ക്രമസമാധാനപാലന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി കേന്ദ്രീകൃത സമിതികൾ സ്ഥാപിക്കുമെന്ന 2013-14 വർഷത്തെ ബഡ്ജറ്റിലെ പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

**(Z+) കാറ്റഗറി സുരക്ഷയുള്ള അന്യസംസ്ഥാന മതനേതാക്കൾ/ആത്മീയ നേതാക്കൾ**

5079 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇസെഡ് പ്ലസ്സ് (Z+) കാറ്റഗറി സുരക്ഷയുള്ള അന്യസംസ്ഥാന മതനേതാക്കൾ/ആത്മീയനേതാക്കൾ കേരളം സന്ദർശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ കേരളം സന്ദർശിച്ച ഇസെഡ് പ്ലസ് കാറ്റഗറി സുരക്ഷ ഉള്ള മതനേതാക്കൾ/ആത്മീയ നേതാക്കൾ ആരെല്ലാമായിരുന്നു; അവരുടെ പേരും വിശദാംശങ്ങളും നൽകുമോ;

(സി) ഇപ്പോൾ സംസ്ഥാനത്ത് തങ്ങുന്ന അന്യസംസ്ഥാന മതനേതാക്കൾ/ആത്മീയ നേതാക്കൾ ആരെല്ലാമാണ്;

(ഡി) ഇവരുടെ കേരളത്തിലെ പ്രവർത്തനങ്ങൾ പോലീസ് നിരീക്ഷിച്ചിട്ടുണ്ടോ; കേരളത്തിൽ എവിടെയെല്ലാമാണ് ഇവർ തങ്ങുന്നത്; ആശ്രമങ്ങൾ സ്ഥാപിച്ചവർ ആരെങ്കിലുമുണ്ടോ;

(ഇ) ഇവരിൽ ആരെല്ലാം സംസ്ഥാനത്ത് ഭൂമി വാങ്ങിയിട്ടുണ്ട്; ഉണ്ടെങ്കിൽ വിശദാംങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

ഫെയർ പ്രാക്ടീസ് കോഡ് നടപ്പാക്കാത്ത ധനകാര്യ സ്ഥാപനങ്ങൾ

5080 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫെയർ പ്രാക്ടീസ് കോഡ് നടപ്പാക്കാത്ത ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) റിസർവ്വ് ബാങ്കിന്റെ നിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ഇത്തരം വൻകിട ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ബ്ലേഡ് മാഫിയക്കാരെ തഴച്ച് വളരാൻ പ്രേരിപ്പിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ നിയന്ത്രിക്കാൻ പ്രത്യേക നിയമനിർമ്മാണം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

'ഓപ്പറേഷൻ കുബേര'യിൽപ്പെടുത്തി ചാർജ്ജു ചെയ്ത കേസ്സുകൾ

5081 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഓപ്പറേഷൻ കുബേര' യിൽ പെടുത്തി തൃശ്ശൂർ ജില്ലയിൽ എത്ര കേസ്സുകൾ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) നാട്ടിക മണ്ഡലത്തിൽ ഉൾപ്പെടുന്ന പോലീസ് സ്റ്റേഷൻ പരിധിയിൽ ഓപ്പറേഷൻ കുബേരയുടെ ഭാഗമായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് പരസ്യമായും രഹസ്യമായും നിയമാനുസൃതമായും അല്ലാതെയും പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളെയും ബ്ലേഡ് പലിശയ്ക്ക് പണം വായ്പ കൊടുക്കുന്ന വ്യക്തികളെയും വേർതിരിച്ച് പരസ്യ വിജ്ഞാപനം നൽകുന്നതിന് പോലീസ് ഉദ്യോഗസ്ഥരുടെ സംഘത്തെ പ്രത്യേകമായി നിയോഗിക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>രജിസ്ട്രേഷനില്ലാത്ത ചിട്ടി സ്ഥാപനങ്ങൾ</u>

5082 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതു വരെ നടന്ന പരിശോധനയിൽ രജിസ്ട്രേഷനില്ലാത്ത എത്ര ചിട്ടിസ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) നടപടി സ്വീകരിച്ച ഏതെങ്കിലും സ്ഥാപനം വീണ്ടും അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം നം.119/2012-ന്റെ എഫ്.ഐ.ആർ. ഹൈക്കോടതി റദ്ദ് ചെയ്തത് സംബന്ധിച്ച്

5083 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവന്തപുരം ജില്ലയിലെ മംഗലപുരം പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം. നം. 119/2012-ന്റെ എഫ്.ഐ.ആർ. ഹൈക്കോടതി റദ്ദ് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പൊതു പ്രവർത്തകനെ അപമാനിക്കാൻ ബോധപൂർവ്വം കേസെടുത്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ സംസ്ഥാന പോലീസ് കംപ്ലയിൻസ് അതോറിറ്റി, ബോധപൂർവ്വം കള്ളക്കേസെടുത്ത സർക്കിൾ ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ എന്നിവർക്കെതിരെ നടപടിക്ക് ശുപാർശ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>സി. ബി. ഐ. അന്വേഷണം നേരിടുന്ന പോലീസ് ഉദ്യോഗസ്ഥർ</u>

5084 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എത്ര പോലീസുകാരാണ് സി. ബി. ഐ. അന്വേഷണം നേരിടുകയോ വിചാരണ കാക്കുകയോ ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

## പോലീസിലെ ഉയർന്ന ഉദ്യോഗസ്ഥരുടെ പേരിലുള്ള ക്രിമിനൽ കേസുകൾ

5085 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാന പോലീസിലെ ഡി.വൈ.എസ്.പി. റാങ്ക് മുതൽ മുകളിലേക്കുള്ള എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഗുരുതരമായ ക്രിമിനൽ കേസുകൾ എടുത്തിട്ടുണ്ട്; ഇവരുടെ റാങ്ക് തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

(ബി) ഗുരുതരമായ ക്രിമിനൽ കേസുകളിൽ പ്രതികളായി നിലവിൽ ഇപ്പോൾ എത്ര ഉന്നത പോലീസ് ഉദ്യോഗസ്ഥരാണ് കോടതി നടപടികൾ നേരിടുന്നത്;

(സി) കഴിഞ്ഞ 5 വർഷത്തിനിടയിൽ ക്രിമിനൽ കേസുകളിൽ കോടതിയുടെ ശിക്ഷാ നടപടികൾ ഏറ്റുവാങ്ങേണ്ടി വന്ന ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം എത്ര; റാങ്കുതിരിച്ച് പട്ടിക ലഭ്യമാക്കാമോ; ഇവർക്കെതിരെ ഡിപ്പാർട്ടുമെന്റ് തലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

ക്രിമിനൽ കേസ് പ്രതിയായ കെ. എസ്. ശ്രീകുമാറിന് 2011-ൽ രാഷ്ട്രപതിയുടെ അവാർഡ് ലഭിച്ച സംഭവം

5086 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ക്രിമിനൽ കേസിൽ പ്രതിയായ കെ. എസ്. ശ്രീകുമാർ എന്ന പോലീസ് ഓഫീസർക്ക് 2011-ൽ രാഷ്ട്രപതിയുടെ സ്തുത്യർഹസേവനത്തിനുള്ള അവാർഡ് നൽകിയതിനെ സംബന്ധിച്ച് സ്റ്റേറ്റ് പോലീസ് ചീഫ് (എസ്. പി. സി.)ന്റെ റിപ്പോർട്ട് കിട്ടിയോയെന്നും ഇല്ലെങ്കിൽ എന്നത്തേക്ക് ആയത് ലഭ്യമാകുമെന്നും ടി റിപ്പോർട്ട് കിട്ടിയിട്ടുണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>വിദേശ ജോലി വാഗ്ദാനം ചെയ്തുള്ള തട്ടിപ്പുകേസുകൾ</u>

T5087 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പുകേസുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ;

(സി) ഇത്തരം കേസുകൾ അന്വേഷിയ്ക്കാൻ പ്രത്യേക സംവിധാനം നിലവിലുണ്ടോ;

(ഡി) ഇത്തരം കേസുകൾ ആവർത്തിയ്ക്കാതിരിയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 30.06.2014–ലെ മറുപടിക്ക്

ഭൂമി തട്ടിപ്പും വിജിലൻസ് അന്വേഷണവും

5088 ശ്രീ. എ.കെ. ബാലൻ
,, എസ്. രാജേന്ദ്രൻ
,, എസ്. ശർമ്മ
,, കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂമി തട്ടിപ്പ് കേസുകൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂമി തട്ടിപ്പുകൾ തടയാനും ഇത്തരം കേസുകൾ പ്രത്യേകമായി കൈകാര്യം ചെയ്യാനും വിജിലൻസിൽ പ്രത്യേകം സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഭൂമി തട്ടിപ്പ് നടത്തിയ ക്രിമിനലുകൾക്ക് ഏതെല്ലാം കേന്ദ്രങ്ങളിൽ നിന്നുള്ള സഹായം ലഭിച്ചിട്ടുണ്ടെന്ന കാര്യം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ;

(ഡി) ഭൂമി തട്ടിപ്പ് കേസിൽ മുഖ്യമന്ത്രിയുടെ ഗൺമാൻ സലിംരാജിനെ വിജിലൻസ് ചോദ്യം ചെയ്ത രീതിയിൽ ഹൈക്കോടതി കടുത്ത അതൃപ്തി രേഖപ്പെടുത്താൻ ഇടയായ സാഹചര്യം എന്തായിരുന്നു;

(ഇ) പോലീസ് അന്വേഷണത്തിന്റെ ഭാഗമായി ഇതിനകം എന്തെല്ലാം കുറ്റങ്ങൾ തെളിയിക്കപ്പെട്ടിട്ടുണ്ട്; അറസ്റ്റ് ചെയ്യപ്പെട്ട കുറ്റവാളികൾ എത്ര; ആരൊക്കെ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>സോളാർ തട്ടിപ്പ് കേസ്</u>

5089 ശ്രീ. എസ്. ശർമ്മ
'' കെ. കുഞ്ഞിരാമൻ (ഉദുമ)
ശ്രീമതി കെ.കെ. ലതിക
ശ്രീ. റ്റി.വി. രാജേഷ്.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പ് കേസിലെ പ്രതി സരിതയുടെ സാമ്പത്തിക ഉറവിടം സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) സരിതക്കെതിരെ ഉണ്ടായിരുന്ന സാമ്പത്തിക തട്ടിപ്പുകേസുകളിൽ ഇതിനകം പണം നൽകി തീർത്തവ എത്രയാണ്. മൊത്തം എന്തു തുകയ്ക്കുള്ള കേസുകൾ തീർത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ;

(സി) കേസുകൾ ഒതുക്കി തീർപ്പാക്കാൻ പണം ലഭിച്ച സ്രോതസ്സുകൾ ഏതൊക്കെയാണ് ; വിശദമാക്കുമോ ;

(ഡി) സോളാറുമായി ബന്ധപ്പെട്ട് പോലീസിൽ പരാതി ലഭിച്ചതും അല്ലാത്തതുമായ തട്ടിപ്പുകൾ സരിത നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
# 30.06.2014–ലെ മറുപടിക്ക്

ബ്ലേഡ് മാഫിയയുടെ ഭീഷണി മൂലം ഒളിവിൽ പോയ കുടുംബം

5090 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്ലേഡ് മാഫിയയുടെ ഭീഷണിയെതുടർന്ന് കാസർഗോഡ് ജില്ലയിൽ പെരിയ കുണിയയിലെ ശ്രീമതി ആയിഷയുടെ കുടുംബം ഒരു വർഷമായിട്ട് ഒളിവിൽ കഴിയുന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് സ്വന്തം വീട്ടിൽ താമസിക്കാനുള്ള സംരക്ഷണവും ഇതു സംബന്ധിച്ച് നടപടിയെടുക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഹർജിയിൽ എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ബ്ലേഡ് മാഫിയയുടെ ഭീഷണിയെത്തുടർന്ന് ഒളിവിൽ കഴിയേണ്ടി വന്ന ശ്രീമതി അയിഷ കഴിഞ്ഞ വർഷം ഏപ്രിൽ 5–ന് വകുപ്പ് മന്ത്രിക്ക് രേഖാമൂലം നൽകിയ പരാതിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>ബ്ലേഡ് മാഫിയയുടെ ഭീഷണിയെത്തുടർന്ന് പി. ഷീബയുടെ ആത്മഹത്യ</u>

5091 ശ്രീ. കെ. കുഞ്ഞിരാമൻ ( ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്ലേഡ് മാഫിയയുടെ ഭീഷണിയെ തുടർന്ന് കാസർഗോഡ് ജില്ലയിൽ ബേക്കൽ കുറിച്ചിക്കുന്ന് കോളനിയിലെ പി. ഷീബ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വീട് നിർമ്മിക്കാൻ മൗവ്വൽ ഇല്യാസ് നഗറിലെ വ്യാപാരി മൊട്ടമ്മൽ ഇബ്രാഹിമിൽ നിന്ന് ബ്ലാങ്ക് ചെക്ക് ഈട് നൽകി പണം വാങ്ങിയതിനു ശേഷം പലപ്പോഴായി ഒന്നരലക്ഷം രൂപ തിരിച്ചുനൽകിയിട്ടും ബ്ലാങ്ക് ചെക്ക് തിരികെ നൽകാതെ ഭീഷണിപ്പെടുത്തുന്നുവെന്ന് കാണിച്ച് 2013 ഒക്ടോബർ 31-ന് പരേത നൽകിയ പരാതിയിൽ പോലീസ് എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പോലീസ് ഈ വിഷയത്തിൽ ഫലപ്രദമായ നടപടി സ്വീകരിക്കാത്തതുമൂലമാണ് ഷീബയ്ക്ക് ആത്മഹത്യ ചെയ്യേണ്ട സാഹചര്യം ഉണ്ടായതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഫലപ്രദമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>പൊതുജനങ്ങളുടെ സ്വത്തിനും ജീവനും ഭീഷണിയാകുന്ന കേസുകളുടെ അന്വേഷണം</u>

5092 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖജനാവിന് നഷ്ടമുണ്ടാകാത്തതും എന്നാൽ പൊതുജനങ്ങളുടെ സ്വത്തിനും ജീവനും മറ്റും ഭീഷണിയുണ്ടായിട്ടുള്ളതുമായ കേസുകളിൽന്മേൽ കാര്യമായ അന്വേഷണം ആവശ്യമില്ല എന്നതിൻമേലുള്ള ഈ സർക്കാരിന്റെ നയം വ്യക്തമാക്കാമോ ;

(ബി) ഖജനാവിന് നഷ്ടമുണ്ടായിട്ടില്ല എന്ന കാരണം ചൂണ്ടിക്കാട്ടി പൊതുജനങ്ങൾക്ക് വ്യാപകമായ പണനഷ്ടം സംഭവച്ചിട്ടുള്ള എത്ര കേസ്സുകളിന്മേൽ ഉന്നതതല പോലീസ് അന്വേഷണം ആവശ്യമില്ലായെന്ന് തീരുമാനിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം അറിയിക്കാമോ ;

(സി) ഖജനാവിന് നഷ്ടമില്ലാതെയിരുന്നിട്ടും പൊതുജനങ്ങളുടെ സ്ഥാവര/ജംഗമ സ്വത്തുക്കളുടെ നഷ്ടം പരിഗണിച്ച് ഓപ്പറേഷൻ കുബേര നടപ്പാക്കിയ സാഹചര്യം സംബന്ധിച്ച് വിശദാംശം നൽകാമോ ;

(ഡി) എങ്കിൽ വ്യാപകമായി പൊതുജനങ്ങൾക്ക് ധനനഷ്ടം ഉണ്ടായിട്ടുള്ള സോളാർ തട്ടിപ്പ് കേസ്സിന്റെ കാര്യത്തിലും ഉന്നതതല പ്രത്യേക അന്വേഷണം നടത്തുന്നതിന് തയ്യാറാകുമോ ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

ലീ തട്ടിപ്പുകൾ

5093 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലീ തട്ടിപ്പുകൾ സംബന്ധിച്ച പരാതികളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; എത്ര കോടി രൂപയുടെ തട്ടിപ്പുകളാണ് റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ളത് ;

(ബി) തട്ടിപ്പിനിരയായവരിൽ നല്ല ഭാഗവും പെരിന്തൽമണ്ണ നിവാസികളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എത്ര പരാതികളാണ് ഇവിടെ നിന്നും ലഭിച്ചിട്ടുള്ളത് ;

(സി) ആസൂത്രിതമായി നടക്കുന്ന ഇത്തരം തട്ടിപ്പുകൾക്കെതിരെ എന്തൊക്കെ നടപടികളാണ് പോലീസിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പരാതി ലഭിച്ച ശേഷം അന്വേഷണം നടത്തുന്നതിനു പകരം ഈ രീതിയിലുള്ള തട്ടിപ്പു ശ്രമങ്ങളെ മുൻകുട്ടി നിരീക്ഷിക്കാനും നടപടി സ്വീകരിക്കാനും സംവിധാനം ഏർപ്പെടുത്തുമോ ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതിയുമായി ബന്ധപ്പെട്ട ലഹരിവേട്ട</u>

5094 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നടപ്പിലാക്കുന്ന ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതിയുടെ രൂപരേഖ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ സ്കൂളുകളും പരിസരങ്ങളും പോലീസ് പരിശോധിക്കുന്നുവെങ്കിലും ലഹരിമരുന്നു വില്പനക്കാരുടെ താവളങ്ങളായ പ്രൊഫഷണൽ കോളേജുകൾ, സർവ്വകലാശാലയും അനുബന്ധ സ്ഥാപനങ്ങളും, തിയേറ്ററുകൾ, പാർക്കുകൾ, റയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാൻഡുകൾ തുടങ്ങിയ സ്ഥലങ്ങളിൽ അന്വേഷണം വ്യാപിപ്പിക്കാനും, വില്പനക്കാരെ കണ്ടെത്തി ശിക്ഷ നൽകാനും എന്തു നടപടികൾ നാളിതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ലഹരിമരുന്നുകളുടെ വിപണനകേന്ദ്രങ്ങളായി മെഡിക്കൽ സ്റ്റോറുകൾ മാറുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എത്ര മെഡിക്കൽ സ്റ്റോറുകൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) നടപടികൾക്ക് വിധേയമായ മെഡിക്കൽ സ്റ്റോറുകൾക്ക് പോലീസ് വകുപ്പ് ഇപ്പോൾ പ്രവർത്തനാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) നാളിതുവരെ ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര റെയ്ഡുകൾ നടത്തി; എത്ര പേരെ അറസ്റ്റു ചെയ്തു വിട്ടയച്ചു; എത്ര തുകയുടെ ലഹരിവസ്തുക്കൾ കണ്ടെടുത്തു; എത്ര തുക പിഴയിനത്തിൽ ഈടാക്കി; എത്ര പേർ ജയിലിലുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ മണ്ഡലത്തിൽ സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി</u>

5095 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളിലാണ് സ്റ്റുഡൻസ് പോലീസ് കേഡറ്റ് സംവിധാനം പ്രവർത്തിച്ചു വരുന്നത്;

(ബി) തെരഞ്ഞെടുക്കപ്പെട്ട കേഡറ്റുകൾക്ക് ഉപരിപഠനാർത്ഥം അധിക ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി ആരംഭിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) അമ്പലപ്പുഴ മണ്ഡലത്തിലെ എല്ലാ ഹൈസ്കൂളുകളിലും കോളേജുകളിലും പ്രസ്തുത പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>പീഡന ക്കേസ്സുകൾ</u>

5096 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട് 2014-ൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസുകളിൽ പെൺകുട്ടികളുടെ ബന്ധുക്കൾ നേരിട്ട് പീഡിപ്പിച്ചതായി പരാതിയുള്ള കേസുകൾ എത്ര; പെൺകുട്ടികളെ അദ്ധ്യാപകർ പീഡിപ്പിച്ചതായി പരാതിയുള്ള എത്ര കേസുകൾ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ച എത്ര കേസുകളുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 30.06.2014–ലെ മറുപടിക്ക്

<u>സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ</u>

5097 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെ നടക്കുന്ന അതിക്രമങ്ങളിൽ എത്ര ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്;

(ബി) നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെ നടക്കുന്ന അതിക്രമങ്ങളിൽ കേരളം എത്രാമത് സ്ഥാനത്താണുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെ നടക്കുന്ന അതിക്രമങ്ങളുടെ 2013–14–ലെയും 2014–ൽ മേയ് 31 വരെയുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഏതു ജില്ലയാണ് ഇത്തരം കുറ്റകൃത്യങ്ങളിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നതെന്നും മറ്റ് ജില്ലകളുടെ സ്ഥാനം എത്രയാണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>രാഷ്ട്രീയ സംഘട്ടനങ്ങളും വർഗ്ഗീയലഹളകളും</u>

5098 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് എത്ര രാഷ്ട്രീയ സംഘട്ടനം ഉണ്ടായിട്ടുണ്ട്; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത രാഷ്ട്രീയ സംഘട്ടനങ്ങളിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ട്; അവരുടെ രാഷ്ട്രീയ ബന്ധം വ്യക്തമാക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര വർഗ്ഗീയ കലാപങ്ങൾ ഉണ്ടായിട്ടുണ്ട്; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ അറസ്റ്റു ചെയ്തു; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത വർഗ്ഗീയ കലാപങ്ങളിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**30.06.2014–ലെ മറുപടിക്ക്**

<u>വടകര റൂറൽ ഡിവിഷനിൽ നടന്ന കുറ്റകൃത്യം</u>

5099 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ജനുവരി മുതൽ 2014 മെയ് വരെ വടകര റൂറൽ പരിധിയിൽ എത്ര കുറ്റകൃത്യങ്ങൾ നടന്നു; എത്ര കേസുകൾ എടുത്തു; എത്ര പേരെ അറസ്റ്റു ചെയ്തു; സ്റ്റേഷൻ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതേ കാലയളവിൽ ഓരോ സ്റ്റേഷൻ പരിധിയിലും എത്ര ഹെൽമെറ്റ്, സീറ്റ്ബെൽറ്റ് പരിശോധനകൾ നടന്നു; ഏതൊക്കെ കേന്ദ്രങ്ങളിലാണ് നടന്നത്; സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കുമോ;

(സി) കൊയിലാണ്ടി സ്റ്റേഷൻ പരിധിയിലെ കീഴരിയൂരിൽ വീടിന് ബോംബെറിഞ്ഞ കേസിലും, പിഞ്ചുകുഞ്ഞുങ്ങൾ ഉൾപ്പെടെയുള്ളവർ ഉറങ്ങിക്കിടക്കുമ്പോൾ കുടിൽ കത്തിച്ച കേസിലും എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ പോലീസ് സ്റ്റേഷനുകളിൽ</u>
<u>രജിസ്റ്റർ ചെയ്ത കേസുകൾ</u>

5100 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ടെന്നും, ഈ കേസുകളുടെ സ്വഭാവം എന്താണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>പെരുനാട് എസ്.എൻ.ഡി.പി. ശാഖ ക്ഷേത്രത്തിന് സമീപമുള്ള കൊടിമരം നശിപ്പിക്കൽ</u>

5101 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുനാട് മഠത്തുംമൂഴി 831-ാം നമ്പർ എസ്.എൻ.ഡി.പി. ശാഖയുടെ ഗുരുദേവ ക്ഷേത്രത്തിന് മുമ്പിൽ നിന്നിരുന്ന കൊടിമരം സാമൂഹ്യവിരുദ്ധർ നശിപ്പിച്ചത് സംബന്ധിച്ച് പെരുനാട് പോലീസ് കേസെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ്; ഏതൊക്കെ വകുപ്പുകൾ അനുസരിച്ചാണ് കേസെടുത്തത്;

(ബി) പ്രതികളെപ്പറ്റി സൂചന ലഭിച്ചിട്ടുണ്ടോ; കേസിൽ എത്ര പ്രതികളാണ് ഉള്ളത്; ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(സി) ഡോഗ് സ്ക്വാഡും വിരലടയാള വിദഗ്ദ്ധരും സംഭവസ്ഥലം സന്ദർശിച്ചിരുന്നോ; എന്തൊക്കെ തെളിവുകളാണ് ഇവർക്ക് ലഭിച്ചത്; പ്രതികളെപ്പറ്റിയുള്ള സൂചനകൾ ഈ വിദഗ്ദ്ധർ നൽകിയിട്ടുണ്ടോ;

(ഡി) സംഭവം നടന്ന് ഒരുമാസം കഴിഞ്ഞിട്ടും കേസിന്റെ ദുരൂഹത നീക്കുന്നതിനോ പ്രതികളെ കസ്റ്റഡിയിൽ എടുക്കുന്നതിനോ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഇ) പ്രസ്തുത സംഭവത്തെക്കുറിച്ചുള്ള അന്വേഷണം മറ്റേതെങ്കിലും ഏജൻസിക്ക് കൈമാറി സത്യാവസ്ഥ വെളിച്ചത്ത് കൊണ്ടുവരാൻ തയ്യാറാകുമോ?

**30.6.2014 -ലെ മറുപടിക്ക്**

<u>കേസുകൾ പിൻവലിക്കുന്നതിനുള്ള അപേക്ഷ</u>

5102 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേസ്സുകൾ പിൻവലിക്കാനുള്ള അപേക്ഷകളിന്മേൽ സ്വീകരിക്കുന്ന നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലയിൽ നിന്നുള്ള അപേക്ഷയിൽ ജില്ലാ പോലീസ് മേധാവിയുടെ ശുപാർശ ആവശ്യപ്പെടാറുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേസ് പിൻവലിക്കാനുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്രയെണ്ണത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്; എത്ര കേസ്സുകൾ പിൻവലിച്ചിട്ടുണ്ട്;

(ഡി) കാസർഗോഡ് ജില്ലയിൽ നിന്നും ഈ കാലയളവിൽ ഇപ്രകാരം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്രയെണ്ണത്തിൽ തീരുമാനമായിട്ടുണ്ട്: ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് ലഭിക്കാത്തതിനാൽ എത്ര കേസുകൾ പെന്റിംഗിലുണ്ടെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**30.06.2014-ലെ മറുപടിക്ക്**

<u>പോലീസ് കസ്റ്റഡി മരണം</u>

5103 ശ്രീ. കെ. രാധാകൃഷ്ണന്‍
,, പി. ശ്രീരാമകൃഷ്ണന്‍
ഡോ. കെ. ടി. ജലീല്‍
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ചങ്ങരംകുളം പോലീസ് സ്റ്റേഷനില്‍ കസ്റ്റഡിയിലിരിക്കെ പീഡനത്തിനിരയായ യുവതി മരണപ്പെട്ട സംഭവം സംബന്ധിച്ച് അന്വേഷണം ഇപ്പോള്‍ ഏത് ഘട്ടത്തിലാണ്?

# കേരള നിയമസഭ
# 30.06.2014–ലെ മറുപടിക്ക്

<u>ചങ്ങരംകുളം പോലീസ് സ്റ്റേഷനിലെ കസ്റ്റഡി മരണം</u>

5104 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങരംകുളം പോലീസ് സ്റ്റേഷനിൽ എത്ര കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുണ്ട് ; കസ്റ്റഡിയിൽ നിന്നും വിട്ടയച്ച ശേഷം മരണപ്പെട്ട എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ബി) സംസ്ഥാന പോലീസ് പരാതി പരിഹാര സമിതിയംഗം റിട്ട. ജില്ലാ ജഡ്ജി പി. മുരളീധരൻ ചങ്ങരംകുളം പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട് ഏതെല്ലാം കാര്യങ്ങൾ അന്വേഷിക്കണമെന്നാണ് ശുപാർശ ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഇക്കാര്യങ്ങളെല്ലാം അന്വേഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>ചേർത്തല മണ്ഡലത്തിൽ നടന്നിട്ടുള്ള ഭവനഭേദനങ്ങളും മോഷണശ്രമങ്ങളും</u>

5105 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ചേർത്തല മണ്ഡലത്തിൽപ്പെട്ട പ്രദേശങ്ങളിൽ ഉണ്ടായിട്ടുള്ള ഭവനഭേദനങ്ങളും മോഷണങ്ങളും എത്രയാണെന്നു വ്യക്തമാക്കാമോ; ഇവയിൽ എത്ര കേസുകളിൽ പ്രതികൾ പിടിക്കപ്പെട്ടു എന്ന് വ്യക്തമാക്കാമോ;

(ബി) ചേർത്തല നാഷണൽ ഹൈവേയിലെ ദീപിക ജംഗ്ഷനു സമീപമുള്ള വീട്ടിൽ മാസങ്ങൾക്കുമുമ്പ് പകൽ നടന്ന ഭവനഭേദനവും മോഷണവും സംബന്ധിച്ച് പോലീസ് നടത്തിയ അന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ; ഇവിടെനിന്നും നഷ്ടമായ സ്വർണ്ണവും പണവും തിരികെ ലഭിച്ചോ എന്നു വ്യക്തമാക്കാമോ;

(സി) ചേർത്തല മണ്ഡലത്തിൽ ഈ കാലയളവിൽ നടന്ന മോഷണങ്ങളിൽ എത്ര എണ്ണം അന്യസംസ്ഥാനക്കാരായ കുറ്റവാളികൾ നടത്തിയവയാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

അതിക്രമങ്ങൾ, ക്രമസമാധാനപ്രശ്നങ്ങൾ എന്നിവയിലുണ്ടായ വർദ്ധനവ്

5106 ശ്രീ. എ. കെ. ബാലൻ
,, വി. ചെന്താമരാക്ഷൻ
,, എളമരം കരീം
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിക്രമങ്ങൾ വർദ്ധിക്കുന്നതായും സമൂഹം കടുത്ത അരക്ഷിതാവസ്ഥയിലകപ്പെട്ടിരിക്കുന്നതായും പറയപ്പെടുന്നതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ക്രമസമാധാനപാലനത്തിൽ ഏറ്റവും മുന്നിലായിരുന്ന കേരളം ഇത്ര പെട്ടെന്ന് ഈ നിലയിലേക്ക് മാറാനിടയാക്കിയത് നയവൈകല്യങ്ങളാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട കുറ്റകൃത്യങ്ങളുടെ എണ്ണം ലഭ്യമാണോ ; എങ്കിൽ ഇനം തിരിച്ച് വെളിപ്പെടുത്താമോ ; വിവിധ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട വരിൽ ഇപ്പോഴും അറസ്റ്റ് ചെയ്യപ്പെടാത്തവരെത്ര ;

(ഡി) പോലീസിന്റെ പ്രവർത്തനങ്ങൾ ദുർബലമാണെന്നും ജനങ്ങൾക്കുണ്ടായിരുന്ന വിശ്വാസം നഷ്ടപ്പെടാനിടയായെന്നുമുള്ള ആക്ഷേപം എന്തുകൊണ്ടാണെന്ന് പരിശോധിക്കുമോ ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>ശ്രീ. മണിയൻപിള്ളയുടെ കൊലപാതകം</u>

5107 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരിപ്പള്ളി പോലീസ് സ്റ്റേഷനിലെ ജീപ്പ് ഡ്രൈവർ ആയി ജോലി നോക്കിയിരുന്ന ശ്രീ. മണിയൻപിള്ള യുടെ കൊലപാതകം നടന്നത് എന്നാണ്; നാളിതുവരെ പ്രതികളെ പിടികൂടുന്നതിലേക്ക് ഗവൺമെന്റ് സ്വീക രിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാ ക്കാമോ;

(ബി) പ്രതികളെ അറസ്റ്റ് ചെയ്യുവാൻ കഴിയാത്ത സാഹചര്യ ത്തിൽ നിലവിലുള്ള അന്വേഷണ സംഘത്തെ മാറ്റി അന്വേഷണ ചുമതല മറ്റാരെയെങ്കിലും ഏൽപ്പിക്കു വാൻ സന്നദ്ധമാകുമോ;

(സി) പോലീസ് ഉദ്യോഗസ്ഥൻമാരെ കൊലപ്പെടുത്തിയ സമാന കേസ്സുകളിൽ പ്രതികളെ പിടികൂടുവാൻ കഴി യാത്ത എത്ര കേസ്സുകൾ സംസ്ഥാനത്ത് ഇപ്പോൾ നിലവി ലുണ്ട്; ആയതിന്റെ വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>കെ. ഇ. ദീപക്കിന്റെ മരണത്തെക്കുറിച്ചുള്ള അന്വേഷണം</u>

5108 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.വി.ആർ. മോട്ടേഴ്സ് കൊണ്ടോട്ടി ബ്രാഞ്ച് മാനേജരായിരുന്ന ശ്രീ. കെ. ഇ. ദീപക് എന്നയാളുടെ ആത്മഹത്യ സംബന്ധിച്ച് പരേതന്റെ പിതാവ് മലപ്പുറം ജില്ലാ പോലീസ് സൂപ്രണ്ടിന് നൽകിയ പരാതിയിന്മേലുള്ള അന്വേഷണ നടപടികൾ പൂർത്തിയായിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പരേതന്റെ പക്കൽ നിന്നും ആത്മഹത്യാക്കുറുപ്പ് കണ്ടെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പരേതന്റെ പിതാവിന്റെ പരാതി സംബന്ധിച്ചും ആത്മഹത്യാക്കുറിപ്പ് സംബന്ധിച്ചും നടത്തിയ അന്വേഷണത്തിൽ എന്തെല്ലാം വസ്തുതകളാണ് വെളിപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>ബേബിയുടെ മരണം സംബന്ധിച്ച അന്വേഷണം</u>

5109 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ഉഴവൂർ പഞ്ചായത്ത് മോനിപ്പള്ളി വില്ലേജിൽ ശ്രീ ജോസഫ് കുര്യന്റെ (ബേബി) ദുരൂഹ മരണത്തിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കാമോ;

(ബി) ലോക്കൽ പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ കേസന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറണം എന്നാവശ്യപ്പെട്ട് നൽകിയിരുന്ന 665/വി.ഐ.പി/14/എം (ഹോം) എന്ന നമ്പർ പരാതിയിൽ സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കാമോ;

(സി) ക്രൈംബ്രാഞ്ച് അന്വേഷണത്തിൽ ബേബിയുടെ ദുരൂഹ മരണം സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങളാണ് പുതുതായി കണ്ടെത്തിയിട്ടുള്ളത്; ക്രൈംബ്രാഞ്ച് അന്വേഷണത്തിന്റെ ചുമതല വഹിക്കുന്ന പ്രധാന ഉദ്യോഗസ്ഥർ ആരെല്ലാമാണ്;

(ഡി) ബേബിയുടെ മരണത്തിന് ഉത്തരവാദികളായ കുറ്റവാളികൾ രക്ഷപ്പെടാതിരക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) കേസന്വേഷണം ഊർജ്ജിതമാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 30.06.2014–ലെ മറുപടിക്ക്

<u>നെല്ല്യാടി പുഴയിലെ അനധികൃത മണലൂറ്റ്</u>

5110 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ല്യാടി പുഴയിൽ അനധികൃത മണലൂറ്റ് തടയുന്നതിനായി സ്ഥാപിച്ച പോലീസ് പോസ്റ്റ് നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നടപടി മണൽ മാഫിയകൾക്ക് ഗുണകരമായിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉടനടി പോലീസ് ബോട്ട് പട്രോളിംഗ് പുനസ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>മണൽകടത്ത്</u>

5111 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണൽകടത്തുമായി ബന്ധപ്പെട്ട് പഴയങ്ങാടി പോലീസ് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര ലോഡ് മണൽ ഇവിടെനിന്നും പിടിച്ചെടുത്തിട്ടുണ്ട്;

(ബി) മണൽകടത്ത് തടയുന്നതിനുള്ള ശ്രമങ്ങൾ എത്രത്തോളം ഫലപ്രദമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ എക്സ്പ്ലോസീവ് ലൈസൻസുള്ള ക്വാറികൾ</u>

T5112 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ക്വാറികൾ ആരംഭിക്കുന്നതിനുള്ള എക്സ്പ്ലോസീവ് ലൈസൻസ് ലഭ്യമായവരുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലൈസൻസ് എത്ര കാലയളവിലേയ്ക്കാണ് നൽകുന്നതെന്നും ലൈസൻസ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) നിലവിൽ ലൈസൻസ് ഉള്ള ക്വാറികളുടെ വിശദമായ പട്ടിക ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>പടക്ക നിർമ്മാണ വിപണന മേഖലയിലെ അപകടങ്ങൾ</u>

5113 ശ്രീ. സി. മോയിൻകുട്ടി
,, സി. മമ്മൂട്ടി
,, എൻ. ഷംസുദ്ദീൻ
,, പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പടക്ക നിർമ്മാണ വിപണനമേഖലയിൽ അപകടങ്ങളും അപകടമരണങ്ങളും വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരമുള്ള അപകടങ്ങൾ നിരന്തരമായി ഉണ്ടാകുന്നതിന്റെയും അവ കൂടുതൽ മാരകമാകുന്നതിന്റെയും കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പടക്ക നിർമ്മാണ ലൈസൻസ് നൽകുമ്പോൾ, ഉപയോഗിക്കാവുന്ന കെമിക്കൽസ്, സ്വീകരിക്കേണ്ട സുരക്ഷാ ക്രമീകരണങ്ങൾ എന്നിവ സംബന്ധിച്ച് നിബന്ധന ഏർപ്പെടുത്താറുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) 2011, 2012, 2013 എന്നീ വർഷങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് എത്രപേർക്ക് ജീവഹാനി സംഭവിച്ചു എന്നതിന്റെ കണക്ക് വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

കാസർഗോഡ് ജില്ലയിൽ അനുവദിച്ച സ്പെഷ്യൽ പാക്കേജ് വാഹനങ്ങൾ

5114 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ പാക്കേജിന്റെ ഭാഗമായി കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ച പോലീസ് വാഹനങ്ങൾ ഏത് ആവശ്യത്തിന്, എവിടെയൊക്കെ ഓടിക്കാനാണ് തീരുമാനം എടുത്തിട്ടുള്ളത്;

(ബി) പ്രസ്തുത തീരുമാനത്തിനെതിരായി ഏതെങ്കിലും വാഹനം മറ്റിടങ്ങളിൽ ഉപയോഗിക്കപ്പെടുന്നുണ്ടോ;

(സി) സ്പെഷ്യൽ പാക്കേജിന്റെ ഭാഗമായി അനുവദിച്ച വാഹനങ്ങൾക്ക് ഇതുവരെയായി എത്ര രൂപയുടെ ഇന്ധനം ഉപയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**30.06.2014-ലെ മറുപടിക്ക്**

<u>പോലീസ് സേനയിൽ വാങ്ങിയ വാഹനങ്ങൾ</u>

5115 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ പോലീസ് വകുപ്പിൽ എത്ര വാഹനങ്ങൾ വാങ്ങി; ആയതിന്റെ ഫലമായി ചെലവഴിച്ച തുക എത്ര; വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിനുള്ളിൽ വകുപ്പിന്റെ എത്ര വാഹനങ്ങൾ ലേലം ചെയ്തു; ആയതുവഴി എത്ര തുക ലഭിച്ചു; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് നിലവിൽ എത്ര പോലീസ് വാഹനങ്ങൾ ഉപയോഗശൂന്യമായതായിട്ടുണ്ട്;

(ഡി) മുഖ്യമന്ത്രിയടക്കം, മന്ത്രിമാരുടെ എസ്കോർട്ടിനായി എത്ര വാഹനങ്ങൾ വിട്ടുനൽകിയിട്ടുണ്ട്; ഏതൊക്കെ മന്ത്രിമാർക്ക് എത്ര വാഹനങ്ങൾ വീതമെന്ന് വ്യക്തമാക്കുമോ;

(ഇ) പോലീസ് ഉദ്യോഗസ്ഥരുടെ കുടുംബാംഗങ്ങൾ സ്വകാര്യ ആവശ്യത്തിന് പോലീസ് വാഹനം ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഏതൊക്കെ പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചു; എപ്രകാരമുള്ള നടപടിയാണെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>സബ് ഇൻസ്പെക്ടർ സെലക്ഷൻ</u>

5116 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2004 കാലഘട്ടത്തിൽ സബ് ഇൻസ്പെക്ടർ ബ്രാഞ്ചിലേക്ക് നടത്തിയ സെലക്ഷനിൽ G.O(Rt)No.458/05/Home തീയതി 25.02.2005 പ്രകാരം ആരെയെല്ലാമാണ് സബ് ഇൻസ്പെക്ടറായി പരിഗണിച്ചതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവു പ്രകാരം സബ് ഇൻസ്പെക്ടറായി പരിഗണിക്കുന്നതിനുള്ള അധിക യോഗ്യതകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) 60930/A4/2006/Home, 68974/A2/04/Home എന്നീ ഫയലുകളിൽ നടപടികൾ സ്വീകരിക്കുമ്പോൾ G.O(Rt)No.458/05/Home നമ്പർ ഫയലിൽ സ്വീകരിച്ച മാനദണ്ഡം പാലിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

(ഡി) G.O(Rt)No.458/05/Home നമ്പർ ഫയലിൽ സ്വീകരിച്ച മാനദണ്ഡം 60930/A2/06/Home, 68974/A2/04/Home എന്നീ ഫയലുകളിലും സ്വീകരിച്ച് ഉത്തരവാകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>ജില്ലാ സായുധ റിസർവ്വ് ക്യാമ്പിലെ സബ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ</u>

5117 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സബ് ഇൻസ്പെക്ടർ ഡിസ്ട്രിക്റ്റ് ആംഡ് റിസർവ്വ് തസ്തികയിലേക്ക് നിലവിൽ എത്ര ഒഴിവുകളാണ് ഉള്ളത് ;

(ബി) 2014 -ൽ എത്ര ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തത് ;

(സി) അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിധി പ്രകാരം എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയിതിട്ടുണ്ട് ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

K.S.S.R. 39 ഇൻവോക്ക് ചെയ്തുള്ള സബ് ഇൻസ്പെക്ടർ നിയമനം

5118 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2003-ന് ശേഷം കേരള പോലീസിൽ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ സബ്ബ് ഇൻസ്പെക്ടർ തസ്തികയിലേക്ക് ഫിസിക്കൽ ടെസ്റ്റിൽ ജയിക്കാത്ത എത്ര പോലീസുകാരെ K.S.S.R. 39 ഇൻവോക് ചെയ്ത് നേരിട്ട് സബ്ബ് ഇൻസ്പെക്ടർ (G.E) ബ്രാഞ്ചിൽ നിയമനം നൽകി ഉത്തരവായിട്ടുണ്ടെന്ന് ഉത്തവിന്റെ നമ്പർ സഹിതം വിശദമാക്കുമോ;

(ബി) K.S.S.R. 39 ഇൻവോക്ക് ചെയ്ത് നിയമനം നടത്തുന്ന രീതിയിൽ അവലംബിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിലേക്ക് അപേക്ഷിച്ച ഉദ്യോഗാർത്ഥി പ്രസ്തുത വിഭാഗത്തിൽ തന്നെ P.S.C നടത്തുന്ന കായികക്ഷമതാ പരീക്ഷ ജയിക്കണമെന്ന നിയമം എന്നുമുതലാണ് മാറ്റിയതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>കേരള പോലീസ് ആക്ട് പ്രകാരമുള്ള ശിക്ഷാ നടപടികൾ</u>

5119 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് ആക്ട് (2011) വകുപ്പ് 101 ഉപവകുപ്പ് 6 പ്രകാരം, ഉപവകുപ്പ് 4 (എ) മുതൽ (ജെ) വരെയുള്ള ഇനങ്ങളിൽ പറഞ്ഞിരിക്കുന്ന ശിക്ഷാ നടപടികൾ പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റത്തിന് തടസ്സമായി പരിഗണിക്കാറുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ശിക്ഷാ നടപടികൾ പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റത്തിന് തടസ്സമാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് സ്പെഷ്യൽ റൂൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ</u>

5120 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം സംബന്ധിച്ച് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സ്ഥലം മാറ്റത്തിന് വിധേയരാകുന്ന ഉദ്യോഗസ്ഥർക്ക് ക്വാർട്ടേഴ്സ് ലഭ്യത, കുട്ടികളുടെ വിദ്യാഭ്യാസം എന്നീ കാര്യങ്ങളിൽ ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്ഥലം മാറ്റം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ പ്രസ്തുത പോരായ്മകൾ പരിഹരിക്കുന്നതിന്, ആവശ്യമായ ഭേദഗതി വരുത്തുന്നകാര്യം പരിഗണിക്കുമോ?

**കേരള നിയമസഭ**
**30.06.2014-ലെ മറുപടിക്ക്**

<u>പോലീസ് സേനയിലെ സ്ഥലംമാറ്റം</u>

5121 ശ്രീ. കെ. രാധാകൃഷ്ണൻ
,, എം. ചന്ദ്രൻ
,, എ. പ്രദീപ് കുമാർ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലെ സ്ഥലം മാറ്റത്തിന് പിന്തുടർന്നു വന്ന മാനദണ്ഡങ്ങൾ എന്തായിരുന്നു; മാനദണ്ഡങ്ങൾ പുതുക്കിയിട്ടുണ്ടോ; എന്തെല്ലാം കാര്യങ്ങളിലാണ് മാറ്റം വരുത്തിയിരിക്കുന്നത്; പുതിയ മാനദണ്ഡം സംബന്ധിച്ച് വിശദമാക്കുമോ; ഇത് എന്ന് മുതൽ പ്രാബല്യത്തിൽ വരുകയുണ്ടായി;

(ബി) ഈ സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ സ്ഥലമാറ്റം നടത്തിയതിന്റെ ഭാഗമായി സ്ഥലമാറ്റം കിട്ടിയവർ ദുരിതമനുഭവിക്കുന്നുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പുതുക്കിയ സ്ഥലംമാറ്റ മാനദണ്ഡമനുസരിച്ച് ഡി.ജി.പി.ക്ക് സ്വതന്ത്രമായി സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിക്കാൻ സാദ്ധ്യമാവുമോ; ഏതെല്ലാം ഗ്രേഡിന് മുകളിലുള്ളവരുടെ സ്ഥലമാറ്റം മന്ത്രിയുടെയോ മുഖ്യമന്ത്രിയുടെയോ പരിഗണനയ്ക്കായി വരേണ്ടതുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>പോലീസ്ക്യാമ്പ് ഫോളോവേഴ്സിന്റെ സ്പെഷ്യൽ റൂൾ</u>

5122 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ്ക്യാമ്പ് ഫോളോവേഴ്സിനായി സ്പെഷ്യൽ റൂൾ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ സ്പെഷ്യൽ റൂൾ തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**30.06.2014-ലെ മറുപടിക്ക്**

<u>പോലീസ് സേനാംഗങ്ങളുടെ സ്ഥലം മാറ്റത്തിനുള്ള മാർഗ്ഗ നിർദ്ദേശം</u>

5123 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനാംഗങ്ങളുടെ സ്ഥലം മാറ്റത്തിന് സർക്കാർ ഇപ്പോൾ പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പോലീസ് സേനാംഗങ്ങളുടെ സ്ഥലമാറ്റത്തിന് നിലവിൽ സ്വീകരിച്ചുകൊണ്ടിരുന്ന മാനദണ്ഡം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

പെരുമ്പടപ്പ് പോലീസ് സ്റ്റേഷനിൽ ജീവനക്കാരുടെ ദൗർലഭ്യം

5124 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ പെരുമ്പടപ്പ് പോലീസ് സ്റ്റേഷനിൽ ആകെ എത്ര തസ്തികകളാണുള്ളത്; ഇതിൽ എത്ര തസ്തികകളിൽ ജീവനക്കാരുണ്ട്;

(ബി) മതിയായ പോലീസുകാരില്ലാത്തതു മൂലം പ്രദേശത്ത് അക്രമവും കളവും വ്യാപകമായി നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്റ്റേഷനിൽ ഇപ്പോൾ സ്ഥിരം സബ് ഇൻസ്പെക്ടർ ഉണ്ടോ; ഇല്ലായെങ്കിൽ ആർക്കാണ് ചുമതല;

(ഡി) നല്ല സർവ്വീസ് റെക്കോർഡ് ഉള്ള പോലീസുകാരെ ഇവിടെ നിയമിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

വനിതാ പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റ്

5125 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനിതാ പോലീസ് കോൺസ്റ്റബിളിന്റെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര പേരാണ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(സി) റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്കാണ് ഇതുവരെ നിയമനം നൽകിയിട്ടുള്ളത്;

(ഡി) വനിതാ പോലീസിന്റെ എത്ര ഒഴിവുകളാണ് ഇപ്പോൾ നിലവിലുള്ളത്;

(ഇ) വനിതാ പോലീസിന്റെ എണ്ണം വർധിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>കേരള പോലീസിൽ വനിതാ പ്രാതിനിധ്യം</u>

5126 ശ്രീ. പി.കെ. ഗുരുദാസൻ
ശ്രീമതി കെ.കെ. ലതിക
,, പി. അയിഷാ പോറ്റി
ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ വനിതാ പ്രാതിനിധ്യം ഉയർത്തുമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ; സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിൽ വൻ വർദ്ധന നേരിട്ടുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ വനിതാ പോലീസിന്റെ പ്രാതിനിധ്യം വർദ്ധിപ്പിക്കാനുള്ള നടപടി ത്വരിതപ്പെടുത്തുമോ;

(ബി) കേരള പോലീസിൽ വനിതകളുടെ എണ്ണം 25 ശതമാനം ആക്കുമെന്ന പ്രഖ്യാപനം നടപ്പാക്കുകയാണെങ്കിൽ എത്ര ഒഴിവുകൾ ഉണ്ടാകുമെന്ന് വെളിപ്പെടുത്താമോ;

(സി) വനിത കോൺസ്റ്റബിൾമാരുടെ പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഇതിനകം നൽകിയ നിയമനം എത്രയാണ്; ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**30.06.2014-ലെ മറുപടിക്ക്**

<u>സബ്സിഡിയറി സെൻട്രൽ പോലീസ് ക്യാന്റീനുകൾ</u>

5127 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയിലെ ജീവനക്കാർക്കു വേണ്ടി ആരംഭിച്ച സബ്സിഡിയറി സെൻട്രൽ പോലീസ് ക്യാന്റീനുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്;

(ബി) ഇവയിലേയ്ക്കാവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനും സ്റ്റോക്കു ചെയ്യുന്നതിനും വില്പന നടത്തുന്നതിനും എന്തെങ്കിലും ചട്ടങ്ങളോ മാർഗ്ഗനിർദ്ദേശങ്ങളോ നിലവിലുണ്ടോ;

(സി) മാസ്റ്റർ ക്യാന്റീനുകൾ മുഖേന 2011-2012-ലും 2012-2013-ലും 2013-14-ലും എത്ര തുകയുടെ പർച്ചേസ് നടത്തിയിട്ടുണ്ട്;

(ഡി) മാസ്റ്റർ ക്യാന്റീനുകൾ മുഖേനയല്ലാതെ ലോക്കൽ പർച്ചേസ് മുഖേന 2011-12-ലും 2012-13-ലും 2013-14-ലും വിവിധ ക്യാന്റീനുകളിൽ എത്ര തുകയുടെ പർച്ചേസ് നടത്തിയിട്ടുണ്ട്;

(ഇ) മത്സരാധിഷ്ഠിത ടെൻഡർ മുഖേനയോ ക്വട്ടേഷൻ ക്ഷണിച്ചുകൊണ്ടോ ആണോ ഇതുവരെയുള്ള പർച്ചേസുകൾ നടത്തിയിട്ടുള്ളത് ;

(എഫ്) ഇല്ലെങ്കിൽ മറ്റെന്തുമാർഗ്ഗമാണ് പർച്ചേസിംഗിന് സ്വീകരിച്ചിട്ടുളളത് എന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

മദ്യപന്മാർ ശല്യപ്പെടുത്തുന്നത് തടയാൻ നടപടി

5128 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ ഏറ്റെടുത്ത് നിർമ്മാണപ്രവർത്തനം നടത്തിവരുന്ന ഞാവേലിക്കോണം-പോങ്ങനാട് റോഡിലേയ്ക്ക് കിളിമാനൂരിലെ സ്വകാര്യ ബാറിൽനിന്നും മദ്യപിച്ചിറങ്ങുന്നവർ, പ്രസ്തുത പൊതുവഴി പിടിച്ചടക്കുകയും സ്ത്രീകളെയും കുട്ടികളെയുമുൾപ്പെടെ ശല്യപ്പെടുത്തുന്നതും സ്ഥിരമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവസ്ത്രരായും അശ്ലീലച്ചുവയിൽ സംസാരിച്ചും കൂട്ടം കൂടി നിൽക്കുന്ന മദ്യപൻമാരെ ഈ പൊതുവഴിയിൽനിന്നും ഒഴിവാക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മലക്കപ്പാറ പോലീസ് സ്റ്റേഷന്റെ ശോചനീയാവസ്ഥ</u>

5129 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലൻസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മലക്കപ്പാറ പോലീസ് സ്റ്റേഷന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മലക്കപ്പാറ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

റാന്നി പോലീസ് സ്റ്റേഷനുവേണ്ടിയുള്ള കെട്ടിടം

5130 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി പോലീസ് സ്റ്റേഷനുവേണ്ടിയുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം എന്നാണാരംഭിച്ചത്; ഇതിന് എത്ര തുകയാണ് അനുവദിച്ചത്; നിർമ്മാണം ഇപ്പോൾ ഏതു ഘട്ടംവരെയെത്തി; എന്തൊക്കെ സൗകര്യങ്ങളാണ് നിർദ്ദിഷ്ട കെട്ടിടത്തിലുണ്ടാകുക;

(ബി) കരാറനുസരിച്ച് നിർമ്മാണം എന്നാണ് പൂർത്തിയാക്കേണ്ടത്; നിർമ്മാണം പൂർത്തീകരിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; ഇനിയും എത്ര നാൾകൊണ്ട് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയും; നിർമ്മാണ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത് ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>ചാലക്കുടിയിലെ ഡി.വൈ.എസ്.പി. ഓഫീസിന് ചുറ്റുമതിൽ</u>

5131 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടിയിലെ ഡി.വൈ.എസ്.പി. ഓഫീസ്, സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്, എന്നിവ സ്ഥിതിചെയ്യുന്ന കോമ്പൗണ്ടും, പോലീസ് ക്വാർട്ടേഴ്സ് കോമ്പൗണ്ടും ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിന് നട പടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>വാഹന പരിശോധനയുടെ പേരിൽ പോലീസ് നടത്തുന്ന പീഡനങ്ങൾ</u>

5132 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹന പരിശോധന നടത്താൻ ഏത് വകുപ്പുപ്രകാരമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പോലീസ് വാഹന പരിശോധന നടത്തുമ്പോൾ പരിശോധിക്കേണ്ട രേഖകൾ സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) വാഹന പരിശോധന സമയത്ത് മതിയായ രേഖകൾ ഇല്ലെങ്കിൽ രേഖകൾ ഹാജരാക്കുന്നതുവരെ മൊബൈൽ ഫോണും ലൈസൻസും പിടിച്ചുവാങ്ങി യാത്രക്കാരെ മാനസികമായി പീഡിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ വാഹന പരിശോധന നടത്താൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) സമൂഹത്തിലെ ഉത്തരവാദപ്പെട്ട വ്യക്തികളേയും സർക്കാർ ജീവനക്കാരെയും ഇത്തരത്തിൽ ബുദ്ധിമുട്ടിക്കുന്ന സാഹചര്യം ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) വാഹന പരിശോധന നടത്തുന്നതിന് ഏത് റാങ്കിലുള്ള ഉദ്യോഗസ്ഥരെയാണ് പോലീസ് വകുപ്പിൽ ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>കായംകുളം റയിൽവേ സ്റ്റേഷൻ പാർക്കിംഗ് ഏരിയായിൽ നിന്നും മോഷണം പോയ വാഹനങ്ങൾ</u>

5133 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം റയിൽവേ സ്റ്റേഷനിലെ പേ & പാർക്കിംഗ് ഏരിയായിൽ കഴിഞ്ഞ 2 വർഷത്തിനിടെ എത്ര വാഹനങ്ങൾ മോഷണം പോയതായുള്ള കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) പ്രസ്തുത കേസ്സുകളുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

കായംകുളം പട്ടണത്തിലെ ഗതാഗതകുരുക്ക് നിയന്ത്രണം

5134 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം പട്ടണത്തിൽ കെ.പി. റോഡ്, കായംകുളം -തിരുവല്ല റോഡ് എന്നിവയിൽ ദിനം പ്രതി വർദ്ധിച്ചു വരുന്ന ഗതാഗതകുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കായംകുളം തിരുവല്ല റോഡിൽ പോലീസ് പിടിച്ചെടുത്ത വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് വലിയ ഗതാഗത കുരുക്കുകൾ ഉണ്ടാകുന്നു എന്നുള്ളതിനാൽ ഇത് ഒഴിവാക്കുവാനാവശ്യമായ കർശന നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

ബി. എസ്. എഫ്, സി. ആർ. പി. എഫ്,
സി. ഐ. എസ്. എഫ് കാർക്കു വിമുക്തഭടന്മാരുടെ
ആനുകൂല്യങ്ങൾ

5135 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബി. എസ്. എഫ്, സി. ആർ. പി. എഫ്, സി. ഐ. എസ്. എഫ് മുതലായ അർദ്ധസൈനിക വിഭാഗത്തിൽ നിന്നും വിരമിച്ചവർക്കു കൂടി വിമുക്തഭടന്മാർക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 23.11.2012-ലെ 27011/100/2012/ആർ & ഡബ്ല്യൂ നമ്പർ ഓഫീസ് മെമ്മോറാണ്ടം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഓഫീസ് മെമ്മോറാണ്ടം പ്രകാരം മേൽ പറഞ്ഞ വിഭാഗങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>തടവുകാരുടെ ക്ഷേമ പ്രവർത്തനങ്ങളും പുനരധിവാസവും</u>

5136 ശ്രീ. ഇ.പി. ജയരാജൻ
'' കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)
'' ബാബു എം. പാലിശ്ശേരി
'' പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജയിലുകളിലെ തടവുകാരുടെ ക്ഷേമപ്രവർത്തനങ്ങളും അവരുടെ പുനരധിവാസ പ്രവർത്തനങ്ങളും അവലോകനം നടത്താറുണ്ടോ; എങ്കിൽ ഏറ്റവും ഒടുവിലത്തെ അവലോകന വിവരങ്ങൾ വിശദമാക്കാമോ;

(ബി) പരോൾ നൽകുന്ന വ്യവസ്ഥകളിൽ മാറ്റം വരുത്താനുദ്ദേശമുണ്ടോ; പരോൾ അനുവദിക്കുന്നതിൽ വിവേചനം കാണിക്കുന്നതായുള്ള പരാതികളിൻമേലുള്ള നിലപാട് വെളിപ്പെടുത്താമോ;

(സി) ജയിലുകളുടെ പ്രവർത്തനം കാലാനുസൃതവും തടവുകാരുടെ സ്വഭാവ പരിവർത്തനത്തിന് സഹായകരവുമായിട്ടുള്ള അവസ്ഥയിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>ജയിലുകളിലെ വീഡിയോ കോണ്‍ഫറന്‍സിംഗ് സൗകര്യം</u>

5137 ശ്രീ. പി.എ. മാധവന്‍
,, സി.പി. മുഹമ്മദ്
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ജയിലുകളേയും കോടതികളേയും ബന്ധപ്പെടുത്തി വിചാരണ തടവുകാരുടെ തെളിവെടുപ്പിന് വീഡിയോ കോണ്‍ഫറന്‍സിംഗ് സൗകര്യം ഏര്‍പ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ജയിലുകളില്‍ വീഡിയോ കോണ്‍ഫറന്‍സിംഗ് സംവിധാനം സ്ഥാപിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) വിചാരണ തടവുകാരെ കോടതിയില്‍ കൊണ്ട് വരുമ്പോള്‍ ഉണ്ടാകുന്ന സുരക്ഷാ പ്രശ്നങ്ങള്‍ കൈകാര്യം ചെയ്യാന്‍ ഇത് എത്രമാത്രം സഹായകരമാകും എന്നാണ് കരുതുന്നത്;

(ഡി) ഇതിനായി സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**30.06.2014-ലെ മറുപടിക്ക്**

<u>ജയിലുകളിലെ സൗരോർജ്ജ പദ്ധതികളുടെ രൂപീകരണം</u>

5138 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജയിലുകളിൽ വൈദ്യുതി ഉൽപ്പാദനത്തിന് സൗരോർജ്ജ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ആരെല്ലാമാണ് സാങ്കേതിക സഹായം നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി ഏതൊക്കെ ജയിലുകളിലാണ് നടപ്പാക്കി വരുന്നത്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>തടവുകാർക്ക് മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ നൽകൽ</u>

5139 ശ്രീ. ജോസഫ് വാഴക്കൻ
,, വി.റ്റി. ബൽറാം
,, വർക്കല കഹാർ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തടവുകാർക്ക് മെച്ചപ്പെട്ട ജീവിത സൗകര്യവും വരുമാനവും ഒരുക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) തടവുകാർക്ക് ജീവിതസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; തടവുകാർക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം തൊഴിൽ സാദ്ധ്യതകൾ ജയിലുകളിൽ ഒരുക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

# **കേരള നിയമസഭ**
# **30.06.2014-ലെ മറുപടിക്ക്**

<u>സംസ്ഥാനത്തെ ജയിലുകളുടെ വിവരങ്ങൾ</u>

5140 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ജയിലുകളാണ് ഉള്ളത്;

(ബി) ഓരോ ജയിലിനും ഉൾകൊള്ളുവാൻ കഴിയുന്ന തടവുകാരുടെ എണ്ണം എത്ര വീതമാണ്;

(സി) ഓരോ ജയിലിലും ഇപ്പോഴുള്ള തടവുകാരുടെ എണ്ണം എത്ര വീതമാണ്;

(ഡി) ഓരോ ജയിലിലും ഉൾക്കൊള്ളാൻ കഴിയുന്ന സ്ത്രീ തടവുകാരുടെ എണ്ണം എത്രയാണ്;

(ഇ) ഓരോ ജയിലിലും ഇപ്പോഴുള്ള സ്ത്രീതടവുകാരുടെ എണ്ണം എത്ര വീതമാണ്;

(എഫ്) സംസ്ഥാനത്തെ ജയിലിലുള്ള തടവുകാരിൽ എത്ര പേരാണ് ജീവപര്യന്തം ശിക്ഷക്കു വിധിക്കപ്പെട്ട് വിവിധ ജയിലുകളിൽ കഴിയുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>കേന്ദ്ര ഫണ്ട് ഉപയോഗിച്ചുള്ള ജയിൽ നവീകരണം</u>

5141 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജയിൽ നവീകരണത്തിനായി 2011-12, 2012-13, 2013-14 വർഷങ്ങളിൽ കേന്ദ്ര സർക്കാരിൽ നിന്നും എത്ര തുക ലഭിച്ചു; എത്ര തുക ചെലവഴിച്ചു; എത്ര തുക ലാപ്സായി; വിശദാംശം നൽകുമോ;

(ബി) ലഭിച്ച തുക ഏതെല്ലാം പദ്ധതികൾക്കായാണ് ചെലവഴിച്ചത്; വ്യക്തമാക്കാമോ;

(സി) ഇതിൽ നിന്നും തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>ജയിലുകളിലെ ആധുനികവല്‍ക്കരണപ്രവൃത്തികള്‍</u>

5142 ശ്രീ. ഇ.പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജയിലുകളുടെ ആധുനികവല്‍ക്കരണത്തിനും ജയില്‍ വികസനത്തിനും തടവുകാരുടെ ക്ഷേമത്തിനുമായി 2011 -12-ലും 2012- 13-ലും എത്ര തുക വീതം ചെലവഴിക്കുകയുണ്ടായി ;

(ബി) നടപ്പിലാക്കിയ ജയില്‍ വികസന പ്രവര്‍ത്തനങ്ങള്‍ എന്തെല്ലാമായിരുന്നു;

(സി) ഓരോ പദ്ധതിക്കും എത്ര തുക വീതം ചെലവഴിച്ചു;

(ഡി) നടപ്പിലാക്കിയ ആധുനികവല്‍ക്കരണ പ്രവര്‍ത്തനങ്ങള്‍ എന്തെല്ലാമായിരുന്നു;

(ഇ) ഓരോ പദ്ധതിക്കും എത്ര തുകവീതം ചെലവഴിച്ചു;

(എഫ്) തടവുകാരുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികള്‍ എന്തെല്ലാമായിരുന്നു.;

(ജി) ഓരോ പദ്ധതിക്കും എത്ര തുക വീതം ചെലവഴിച്ചു?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>തടവുകാരിൽ തൊഴിൽ നൈപുണ്യം</u>
<u>വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി</u>

5143 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെയും ഐ. ടി. വകുപ്പിന്റെയും സഹകരണത്തോടെ തടവുകാരിൽ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് ആരംഭിച്ചത്; എത്ര തടവുകാർക്ക് പരിശീലനം നൽകി;

(സി) ജയിൽ മോചനത്തിനു ശേഷം യോജിച്ച തൊഴിൽ കണ്ടെത്തുന്നതിന് തടവുകാർക്ക് ജയിലിൽ പ്രത്യേക 'പ്ലെയിസ്മെന്റ് സെൽ' രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇതിനകം ആർക്കെങ്കിലും പ്ലെയ്സ്മെന്റ് നൽകിയിട്ടുണ്ടോ;

(ഡി) തടവുകാരുടെ ജീവിത ഭദ്രതയ്ക്കു വേണ്ടി പ്രിസണേഴ്സ് ബെനവലന്റ് ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തടവുകാർക്ക് ഇതിൽ നിന്നും ആനുകൂല്യം നൽകിയിട്ടുണ്ട്?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>ജയിൽചട്ടങ്ങളുടെ ലംഘനം</u>

5144 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥരും, ജയിൽപുള്ളികളും ജയിൽചട്ടങ്ങൾ നിരന്തരമായി ലംഘിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുറ്റവാളികളെ നിയമങ്ങൾക്കും, ചട്ടങ്ങൾക്കും വിധേയരാക്കി തീർക്കുന്നതിന് പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(സി) ചട്ടലംഘനം നടത്തിയ ഉദ്യോഗസ്ഥരെയും കുറ്റവാളികളെയും ശിക്ഷിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>ജയിൽ തടവുകാരുടെ കൂലി</u>

5145 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജയിലിലെ തടവുകാർക്ക് ഇപ്പോൾ നല്കി വരുന്ന കൂലിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഏറ്റവും ഒടുവിലായി ജയിൽ തടവുകാരുടെ കൂലി പരിഷ്ക്കരിച്ചതെന്നാണെന്നും അതിന്റെ വിശദാംശങ്ങളും വ്യക്തമാക്കാമോ;

(സി) കാലാനുസരണമായി പുറത്തെ ജോലികൾക്ക് സർക്കാർ അംഗീകരിച്ചിട്ടുള്ള കൂലി തടവുകാർക്കും ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>ജയിൽശിക്ഷാ കാലാവധി കഴിഞ്ഞ തടവുകാർ</u>

5146 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ജയിലുകളിൽ ശിക്ഷാകാലാവധി കഴിഞ്ഞ എത്ര തടവുകാരുണ്ടെന്ന് പറയാമോ;

(ബി) ശിക്ഷാകാലാവധി കഴിഞ്ഞ തടവുകാരെ മോചിപ്പിക്കുന്നതിൽ നിയമപരമായി എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ശിക്ഷാകാലാവധി കഴിഞ്ഞ തടവുകാരെ മോചിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>പോലീസ് സർജൻമാരുടെ പ്രതിമാസ അലവൻസ്</u>

5147 ശ്രീ. ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആരോഗ്യ വകുപ്പിന്റെയും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലായി ജോലി ചെയ്യുന്ന പോലീസ് സർജൻമാരുടെ പ്രതിമാസ അലവൻസ് 150 രൂപയിൽ നിന്നും കഴിഞ്ഞ 30 വർഷമായി ഒരിക്കൽപോലും വർദ്ധിപ്പിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അലവൻസ് അടിസ്ഥാനശമ്പളത്തിന്റെ 10% ആക്കി വർദ്ധിപ്പിക്കുവാൻ സംസ്ഥാന പോലീസിന്റെ ശുപാർശ ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പ്രതിമാസ അലവൻസിൽ കാലാനുസൃതമായി വർദ്ധനവ് വരുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>ഹെൽപ്പ്സെൽ - നെയ്യാറ്റിൻകര പോലീസ് സബ് ഡിവിഷൻ</u>

5148 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര പോലീസ് സബ്ഡിവിഷൻ കേന്ദ്രീകരിച്ച് വനിതകൾക്കായി കൗൺസിലിംഗ് സെന്റർ, ഷോർട്ട് ഹോം സ്റ്റേ എന്നിവ ഉൾപ്പെടുന്ന ഒരു ഹെൽപ് സെൽ ആരംഭിക്കുന്നതിന് എഫ്.68/2014/ആഭ്യന്തരം(ഇ) വകുപ്പ് 31.03.2014ൽ നൽകിയ ഉത്തരവ് നടപ്പിലാക്കുന്നതിന് വന്നിട്ടുള്ള കാലതാമസം വ്യക്തമാക്കുമോ;

(ബി) ടി ഉത്തരവ് പ്രകാരം എത്രപേരെ നാളിതുവരെയായി നിയമിച്ചു; നിലവിൽ നിയമിച്ചവരെ കൊണ്ട് മാത്രം പ്രസ്തുത സെന്റർ പ്രവർത്തിപ്പിക്കുവാൻ കഴിയില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരം വ്യക്തമാക്കാമോ?

(സി) പ്രസ്തുത സെന്ററിന്റെ അധികാരങ്ങൾ എന്തെല്ലാമാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത സെന്ററിൽ നൽകുന്ന പരാതികൾക്ക് കൈപ്പറ്റ് രസീത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ടി സെന്ററിൽ ലഭ്യമാകുന്ന പരാതികൾ അന്വേഷിക്കുന്നതിന് എത്ര വാഹനമാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇരുചക്രവാഹനം സെന്ററിന് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പരാതികൾ അന്വേഷിക്കുന്നതിനായി വാഹനങ്ങൾ നൽകുന്നതിന് തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>ശിക്ഷയുടെ കാലാവധി കഴിഞ്ഞ തടവുകാരുടെ മോചനം</u>

5149 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശിക്ഷയുടെ കാലാവധി കഴിഞ്ഞിട്ടും മോചനം ലഭിക്കാതെ ജയിലിൽ കഴിയുന്ന എത്ര തടവുകാരുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാലാവധി കഴിഞ്ഞ തടവുകാരുടെ മോചനത്തിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>ജയിൽ വാർഡൻമാരുടെ നിയമനം</u>

5150 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ വാർഡൻമാരുടെ എത്ര തസ്തികകൾ നിലവിലുണ്ട്; ഇതിൽ എത്രയെണ്ണം ഒഴിഞ്ഞുകിടക്കുന്നുണ്ട്; പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളെത്ര; വ്യക്തമാക്കാമോ;

(ബി) ജയിലിലെ സുരക്ഷയ്ക്കും തടവുകാരുടെ നിയന്ത്രണത്തിനും നിലവിലുള്ള ജയിൽ ജീവനക്കാർ പര്യാപ്തമാണോ;

(സി) ഇല്ലെങ്കിൽ, ജീവനക്കാരുടെ നിയമനം എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>ജയിൽ ഉദ്യോഗസ്ഥരെയും കുടുംബാംഗങ്ങളെയും ആക്രമിക്കൽ</u>

5151 ശ്രീ.കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ജയിൽ ഉദ്യോസ്ഥരെയൊ, അവരുടെ കുടുംബാംഗങ്ങളെയോ അവരുടെ വീടുകളോ ആക്രമിച്ചതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയാണെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) ഇവയിൽ ഏതെല്ലാം കേസ്സുകൾ തെളിയിക്കപ്പെട്ടുവെന്നും തെളിയിക്കപ്പെടേണ്ട കേസ്സുകളിൽ എന്ത് നടപടി സ്വീകരിക്കുമെന്നും പറയാമോ;

(സി) ഇത്തരം ആക്രമണങ്ങളുമായി ബന്ധപ്പെട്ട് എക്സ്പ്ലോസീവ് ആക്ട് പ്രകാരം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും ആ കേസ്സുകളുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ഡി) ജയിൽ ഉദ്യോഗസ്ഥന്മാരുടെയും കുടുംബാംഗങ്ങളുടെയും ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

ഫയര്‍ & റെസ്ക്യൂ സര്‍വ്വീസസ് പരിഷ്ക്കരണം

5152 ശ്രീ. ഇ.കെ. വിജയന്‍

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

മിഷന്‍ 676 പദ്ധതിയില്‍ ഉള്‍പ്പെടുത്തി ഫയര്‍ &റെസ്ക്യൂ സര്‍വ്വീസസിന്റെ പരിഷ്ക്കരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാന്‍ ഉദ്ദേശിക്കുന്നത്; വിശദാംശം നല്‍കാമോ ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>ഫയര്‍ & റെസ്ക്യു സര്‍വ്വീസസിന് അനുവദിച്ച കേന്ദ്ര ഫണ്ട്</u>

5153 ശ്രീ. കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള ഫയര്‍ & റെസ്ക്യു സര്‍വ്വീസില്‍ 2011 മുതല്‍ 2014 വരെയുള്ള കാലയളവില്‍ ഓരോ വര്‍ഷവും എത്ര തുക കേന്ദ്രഫണ്ടായി അനുവദിച്ചു; ഇതില്‍ എത്ര തുക ഇതു വരെ ചെലവഴിച്ചു; എത്ര തുക ലാപ്സായി; വിശദാംശം നല്‍കുമോ;

(ബി) 2013-14 സാമ്പത്തിക വര്‍ഷത്തില്‍ പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>അഗ്നിശമനസേനയുടെ ഘടനയും രൂപകല്‍പ്പനയും പരിഷ്ക്കരിക്കല്‍</u>

5154 ശ്രീ. റ്റി.എന്‍. പ്രതാപന്‍
,, വി.ഡി. സതീശന്‍
,, ഡൊമിനിക് പ്രസന്റേഷന്‍
,,അന്‍വര്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അഗ്നിശമന സേനയുടെ ഘടനയും രൂപകല്‍പ്പനയും പരിഷ്ക്കരിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി ഏതെല്ലാം ഏജന്‍സികളാണ് സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ</u>

5155 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് 2013 –14 വർഷത്തെ സംസ്ഥാന ബഡ്ജറ്റിലെ പ്രഖ്യാപനം എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

വിയ്യൂർ ഫയർ & റെസ്ക്യു അക്കാദമിയിലെ പരിശീലന സംവിധാനങ്ങളുടെ നവീകരണം

5156 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിയ്യൂർ, കേരള ഫയർ & റെസ്ക്യു സർവ്വീസസ് അക്കാദമിയിലെ പരിശീലന സംവിധാനങ്ങൾ നവീകരിക്കുന്നതിനായി 2012-14ലെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് നടപ്പിലാക്കിയ നവീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

ആലത്തൂർ ഫയർസ്റ്റേഷന് സ്വന്തമായി കെട്ടിടം

5157 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ ഫയർസ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായുള്ള ശുപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ;

(സി) എങ്കിൽ സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

ഫയർ ആന്റ് റെസ്ക്യൂ അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ പ്രൊമോഷൻ

5158 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫയർ ആന്ററ് റെസ്ക്യൂ വകുപ്പിൽ അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ തസ്തികയിലേയ്ക്കുള്ള പ്രമോഷന് പരിഗണിക്കുന്നതിനായുള്ള ഫീഡർ കാറ്റഗറികൾ ഏതൊക്കെയാണ്;

(ബി) ഡ്രൈവർമാർ, മെക്കാനിക്കുകൾ എന്നിവരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം എന്താണ്;

(സി) അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ തസ്തികയില്യ്ക്കുള്ള പ്രമോഷന് ഡ്രൈവർമാർ, മെക്കാനിക്കുകൾ എന്നിവരെ പരിഗണിക്കാതെ ലീഡിംഗ് ഫയർമാൻമാരെ മാത്രം പരിഗണിക്കുന്നുണ്ടോ;

(ഡി) ഡ്രൈവർമാർ, മെക്കാനിക്കുകൾ എന്നിവരെ അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ തസ്തികയിലേയ്ക്ക് പ്രമോഷന് വേണ്ടി പരിഗണിക്കുന്നതിന് സമയബന്ധിതമായ നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>ഫയർ & റെസ്ക്യു വകുപ്പിലെ ഡ്രൈവർ -മെക്കാനിക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റ്</u>

5159 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫയർ & റെസ്ക്യു വകുപ്പിൽ ഡ്രൈവർ മെക്കാനിക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റ് എൻട്രി കേഡർ അടിസ്ഥാനമാക്കി കണക്കാക്കണമെന്ന് വ്യക്തമാക്കിക്കൊണ്ട് 06.05.2014 -ലെ സർക്കാർ ഉത്തരവ് 1304/14/Home നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സർക്കാർ ഉത്തരവ് ലഭിച്ചിട്ടും കമാന്റന്റ് ജനറൽ, ഡ്രൈവർ മെക്കാനിക്കുമാരുടെ പ്രമോഷൻ തസ്തികയായ അസി. സ്റ്റേഷൻ ഓഫീസർ തസ്തികയിലേക്ക് അവരെ ഒഴിവാക്കി ഫീഡർ കാറ്റഗറിയിലെ ഒരു വിഭാഗമായ ലീഡിംഗ് ഫയർമാൻമാർക്ക് മാത്രമായി സ്ഥാനക്കയറ്റം നൽകി 29.05.2014 ലെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ക്രമവിരുദ്ധമായ ഉത്തരവ് റദ്ദാക്കാനും ഇത്തരം ക്രമവിരുദ്ധമായ നടപടികൾക്ക് കാരണക്കാരായവർക്കെതിരെയും നടപടികൾ സ്വീകരിക്കുമോ;

(ഡി) 06.05.2014 -ലെ സർക്കാർ ഉത്തരവ് അനുസരിച്ച് ഡ്രൈവർ മെക്കനിക്ക്മാരുടെ എൻട്രി കേഡർ അനുസരിച്ചുളള സീനിയോറിറ്റി ലിസ്റ്റ് സമയബന്ധിതമായി പൂർത്തിയാക്കി അർഹരായവർക്ക് പ്രമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>വിജിലന്‍സ് & ആന്റി കറപ്ഷന്‍ ബ്യൂറോയുടെ പ്രവര്‍ത്തനം</u>

5160 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ. വി. വിജയദാസ്
,, സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിജിലന്‍സ് & ആന്റി കറപ്ഷന്‍ ബ്യൂറോയുടെ പ്രവര്‍ത്തനം, സംസ്ഥാനത്ത് വര്‍ദ്ധിച്ചുവരുന്ന അഴിമതികള്‍ കണ്ടുപിടിക്കുന്നതിലും തടയുന്നതിലും ഫലപ്രദമാകുന്നുണ്ടെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സര്‍ക്കാരിന്റെ കാലത്ത് സര്‍ക്കാര്‍ ആപ്പീസുകളില്‍ നടന്ന അഴിമതികളും കൈക്കൂലികളും സംബന്ധിച്ച് എത്ര കേസുകള്‍ രജിസ്റ്റര്‍ ചെയ്യുകയുണ്ടായി;

(സി) ഈ സര്‍ക്കാരിന്റെ കാലത്ത് ഏതെങ്കിലും വിജിലന്‍സ് കേസുകള്‍ പിന്‍വലിക്കുകയോ, തുടരന്വേഷണം നടത്തേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കില്‍ ഏതൊക്കെ;

(ഡി) എല്ലാ ജില്ലകളിലും ഫ്ളയിംഗ് സ്ക്വാഡുകള്‍ രൂപീകരിച്ച് പ്രവര്‍ത്തിപ്പിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കുകയുണ്ടായോ; പ്രസ്തുത സ്ക്വാഡുകള്‍ വഴി കണ്ടെത്തിയ ക്രമക്കേടുകളുടെ എണ്ണം ജില്ല തിരിച്ച് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>ഗ്യാസിന്റെ തൂക്കത്തിൽ കുറവ് വരുത്തിയതിന്</u>
<u>ഏജൻസികളുടെ മേലുള്ള വിജിലൻസ് കേസുകൾ</u>

5161 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാചകവാതക ഏജൻസികൾ മുൻഗണനാക്രമം പാലിക്കാതെ സിലിണ്ടർ വിതരണം നടത്തിയതിനും ഗ്യാസിന്റെ തൂക്കത്തിൽ കുറവ് വരുത്തിയതിനും എത്ര ഗ്യാസ് ഏജൻസികൾക്കുമേൽ വിജിലൻസ് കേസെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വിജിലൻസ് നടത്തിയ റെയ്ഡിൽ കൃത്രിമങ്ങൾ കണ്ടെത്തിയ സ്ഥാപനങ്ങൾക്കുമേൽ എന്ത് ശിക്ഷാ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>വിജിലൻസ് കേസ്സിൽ പ്രതികളായ പോലീസുദ്യോഗസ്ഥൻ</u>

5162 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് കേസ് പ്രതികളായ പോലീസ് ഉദ്യോഗസ്ഥരുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ;

(ബി) ഇത്തരം കേസ്സിൽ ഉൾപ്പെട്ടവർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണൽ

5163 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര എം.എ.സി.റ്റി. കോടതികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) നിലവിൽ എത്ര കേസുകൾ ഈ കോടതികളിൽ തീർപ്പാക്കാനുണ്ട്; ഇവയുടെ കോടതി, വർഷം എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) വർഷങ്ങളായി തീർപ്പ് കാത്തിരിക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?